# കൃഷിയുടെ സുസ്ഥിരവികസനത്തിന് കർഷക വികാരങ്ങൾക്കനുസൃതമായ സമീപനം രൂപപ്പെടണം: ഗവർണർ

Janayugom 28.12.17



വൈഗ 2017 അന്തർദേശീയ കാർഷിക പ്രദർശനവും ശിൽപശാലയും ഗവർണർ പി സദാശിവം ഉദ്ഘാടനം ചെയ്യുന്നു

തൃശൂർ: കാർഷികരംഗത്ത് സുസ്ഥിര വികസനത്തിനായി പുത്തൻ സാങ്കേതികവിദ്യ ഉപയോഗിച്ച് പുതുതലമുറയെ പരിപോഷിപ്പിക്കണമെന്ന് ഗവർണർ പി സദാശിവം പറഞ്ഞു. കാർഷികോൽപ്പന്ന സംസ്കരണം, മൂല്യവർദ്ധന എന്നിവയെ ആസ്പദമാക്കി സംഘടിപ്പിച്ച 'വൈഗ 2017' അന്തർദേശീയ കാർഷിക പ്രദർശനവും ശിൽപശാലയും വെള്ളാനിക്കര കാർഷിക സർവ്വകലാശാലയിൽ ഉദ്ഘാടനം ചെയ്തു സംസാരിക്കുകയായിരുന്നു അദ്ദേഹം.

നൂതന സാങ്കേതികവിദ്യയെ കൂട്ടുപിടിച്ചുള്ള കാർഷിക സംസ്കാരം വളർത്തിയെടുക്കണം. കൃഷിഭൂമിയിൽ നിന്ന് കർഷകന് നല്ല വിളയും അതിലൂടെ നല്ല വിലയും ലഭ്യമാക്കണം. കർഷകരുടെ വികാരങ്ങൾ മനസിലാക്കിക്കൊണ്ട് നയസമീപനം കാർഷിക മേഖലയിൽ അവലംബിക്കേണ്ടതുണ്ടെന്നും ഗവർണർ പിസദാശിവം പറഞ്ഞു. മൂല്യവർധിത ഉല്പന്നങ്ങൾ നിർമ്മിച്ച് വിൽക്കുന്നതിലൂടെ കൃഷിക്കാരുടെ നില ഉയർത്താനും കൃഷിയോടുള്ള ആഭിമുഖ്യം വളർത്താനും ഇടയാക്കുമെന്നും അദ്ദേഹം സൂചിപ്പിച്ചു.

ചടങ്ങിൽ കൃഷി വകുപ്പുമന്ത്രി അഡ്വ. വി എസ് സുനിൽകുമാർ അധ്യക്ഷത വഹിച്ചു. കാർഷിക മേഖലയിൽ ദീർഘവീക്ഷണത്തോടെയുള്ള പരിശ്രമങ്ങൾ അവലംബിക്കേണ്ടതുണ്ടെന്ന് അദ്ദേഹം പറഞ്ഞു. കർഷകനും മണ്ണും തമ്മിലുള്ള ബന്ധം മെച്ചപ്പെട്ട രീതിയിൽ തന്നെ മുന്നോട്ടുകൊണ്ടുപോകേണ്ടത് വലിയൊരു ഉത്തരവാദിത്വമാണെന്നും മന്ത്രി പറഞ്ഞു.

അഡ്വ. കെ രാജൻ എംഎൽഎ, ജില്ലാ പഞ്ചായത്ത് പ്രസിഡന്റ് മേരിതോമസ്, ഒല്ലൂക്കര ബ്ലോക്ക് പഞ്ചായത്ത് പ്രസിഡന്റ് ഐ എസ് ഉമാദേവി തുടങ്ങിയവർ ആശംസനേർന്നു. കാർഷികോൽപാദന കമ്മിഷണറും കേരള കാർഷിക സർവകലാശാല വൈസ് ചാൻസലറുമായ ടീക്കാറാം മീണ സ്വാഗതവും കാർഷിക വകുപ്പ് ഡയറക്ടർ എ എം സുനിൽകുമാർ നന്ദിയും പറഞ്ഞു.

ചടങ്ങിൽ ഗവർണറെ കൃഷിമന്ത്രി ആദരിച്ചു. തുടർന്ന് ഗവർണർ പ്രദർശനശാല ഉദ്ഘാടനം ചെയ്തു. വൈഗയുടെ ഭാഗമായി വർണാഭമായ ഘോഷയാത്രയുമുണ്ടായിരുന്നു. ശിൽപ്പശാലയോടനുബന്ധിച്ച് 31 വരെ വിവിധ സെഷനുകളിലായി നിയമസഭാ സ്പീക്കർ പി ശ്രീരാമകൃഷ്ണൻ, മന്ത്രിമാരായ കെ ടി ജലീൽ, ടി പി രാമകൃഷ്ണൻ എന്നിവർ സംബന്ധിക്കും. ശിൽപശാലയിൽ തായ്‌ലന്റ്, ശ്രീലങ്ക, ഫിലിപ്പൈൻസ്, ഇന്തോനേഷ്യ എന്നീ രാജ്യങ്ങളിലെ പ്രതിനിധികളും പങ്കെടുക്കും.